# ആമുഖം

കണ്ണൂർബ്ലോക്ക് പഞ്ചായത്തിന്റെ **2026-27** സാമ്പത്തിക വർഷത്തേക്കുള്ള വരവ് ചെലവ് കണക്കുകളാണ് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായവും ബ്ലോക്ക് പഞ്ചായത്തിന്റ തനത് വരുമാനവും പ്രതീക്ഷിച്ച് തയ്യാറാക്കുന്ന ഈ ബജറ്റ് കാർഷിക മേഖലയുടെയും സേവനമേഖലയുടെയും പശ്ചാത്തലമേഖലയുടെയും സുസ്ഥിരമായ വളർച്ചയും സ്ഥായിയായ വികസനവും വിഭാവനം ചെയ്യുന്നു. എങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ചു കൊണ്ട് വിവിധ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സാമ്പത്തിക സഹായം ഉൾപ്പെടുത്തികൊണ്ടും അവരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തിയും വിവിധ മേഖലകളിലെ പദ്ധതിയുടെ സമഗ്രമായ വികസന പ്രവർത്തനങ്ങളാണ് ഈ ബജറ്റ് കൊണ്ട് ലക്ഷ്യമിടുന്നത്.

സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനൊപ്പം തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യവും പൊതുവായതുമായ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിനുള്ള ബജറ്റ് രൂപീകരണത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിൽ കൂടി മാത്രമേ ബ്ലോക്ക് പഞ്ചായത്തിന്റെ വികസനം എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ചിറക്കൽ, അഴീക്കോട്, പാപ്പിനിശ്ശേരി, വളപട്ടണം ഗ്രാമപഞ്ചായത്തുകളുടെ സമഗ്ര വികസനത്തിനുള്ള നിർദ്ദേശങ്ങളും ബജറ്റ് ഉൾക്കൊള്ളുന്നു.

തനത്ഫണ്ട് വരുമാനം സാധ്യമായ വഴികളിലൂടെ വർദ്ധിപ്പിച്ച് വരുമാനം ഉറപ്പ് വരുത്തുക എന്നത് ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്ന ആശയമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ മുഖ്യപങ്കുവഹിക്കുന്ന കെട്ടിട വാടക ഇനത്തിൽ **100** ശതമാനം കളക്ഷൻ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പിൻതുടരേണ്ടതുണ്ട്.

അടിസ്ഥാനപരമായി കാർഷിക മേഖലയെ ആശ്രയിക്കുന്ന ജനങ്ങൾ കൂടുതലായി അധിവസിക്കുന്ന കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് അതിന്റെ വികസന സ്വപ്നങ്ങൾ കൃഷിമേഖലയ്ക്ക് പ്രാഥമിക പരിഗണന നൽകുന്നതിന് പ്രതിജ്ഞാബന്ധമാണ്. **30** ശതമാനത്തിലധികം തുക സ്ഥിരമായി കാർഷിക മേഖലയ്ക്ക് കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് മാറ്റി വെയ്ക്കുന്നുണ്ട്.

ക്ഷീര വികസനത്തിനും മൃഗസംരക്ഷണ മേഖലയിലും കൂടുതൽ ശ്രദ്ധ പതിപ്പിച്ച് വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തി അതത് മേഖലകളിലെ ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് ബജറ്റ് വിഭാവനം ചെയ്യുന്നു.

ഓഫീസ് പ്രവർത്തനങ്ങൾക്കും അനുവാര്യ ചുമതലകൾക്കും വേണ്ട ഫണ്ട് മാറ്റിവെയ്ക്കുന്നതിനോടൊപ്പം മാറിവരുന്ന സാഹചര്യങ്ങളിൽ ശുചിത്വത്തിന്റെയും കുടിവെള്ള ലഭ്യതയുടെയും മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ടതായി വരുന്ന പുതിയ ഉത്തരവാദിത്വങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജനങ്ങളുടെ ഒഴിവാക്കാനാവാത്ത ആവശ്യങ്ങളായ ഭവനം, ഭക്ഷണം, കുടിവെള്ളം എന്നിവ ഉറപ്പ് വരുത്തുന്നതിന് തുക വകയിരുത്തിയിരിക്കുന്നു. ലൈഫ് ഭവന പദ്ധതി, ഭവന പുനരുദ്ധാരണം, ദാരിദ്ര്യ ലഘൂകരണം എന്നിവ അടിയന്തിര പ്രാധാന്യത്തോടെ കാണുന്നു. പട്ടികജാതി വിഭാവക്കാരുടെ സർവ്വോന്മുഖമായ ഉന്നമനവും ബജറ്റ് വിഭാവനം ചെയ്യുന്നു.

കണ്ണൂർ ബ്ലോക്ക് പകഞ്ചായത്ത് കഴിഞ്ഞ കാലയളവിൽ ഏറ്റെടുത്ത പ്രധാന പദ്ധതിയാണ് മൈക്രോ പ്ലാസ്റ്റിക്കിനെതിരായ ബോധവത്കരണം. ആധുനിക സമൂഹം ആരോഗ്യ രംഗത്ത് നേരിടുന്ന വലിയ വെല്ലുവിളിയാണ് മൈക്രോപ്ലാസ്റ്റിക്ക്. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്കുകൾ ഹരിത കർമ്മസേനയുടെ സഹായത്താൽ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. ആരോഗ്യമുള്ള നല്ല തലമുറയെ സൃഷ്ടിക്കുന്നതിൽ മാലിന്യ നിർമ്മാർജ്ജന മേഖലയിൽ ഇനിയും പ്രാധാന്യം നൽകേണ്ടതുണ്ട്.

സാമ്പത്തിക സ്വാതന്ത്ര്യമാണ് സ്ത്രീ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുതകുന്ന വികസന കാഴ്ചപ്പാടുകളും പദ്ധതികളും ഈ ബജറ്റ് മുന്നോട്ട് വെയ്ക്കുന്നു. കുടുംബശ്രീ പ്രസ്ഥാനത്തിന് ശക്തി പകർന്ന സ്ത്രീ ശാക്തീകരണം അതിന്റെ ഫലപ്രാപ്തിയിലേക്ക് എത്തിക്കുന്നതിന് കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്.

അശരണർ, ആലംബഹീനർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരെ ചേർത്ത് നിർത്തുന്നതോടൊപ്പം വൃദ്ധർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേർസ് എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനാവശ്യമായ പദ്ധതികളും ബജറ്റ് മുന്നോട്ട് വെയ്ക്കുന്നു. അങ്കണവാടി കുട്ടികൾ, ബഡ്സ് സ്കൂൾ കുട്ടികൾ, അഗതികൾ, അതിദരിദ്രർ എന്നിവർക്ക് തണലേകുന്ന വിധത്തിലാണ് ഫണ്ട് വിനിയോഗം ഈ ബജറ്റിൽ ആവിഷ്കരിച്ചിരിക്കുന്നത്.

യുവാക്കളുടെ ഉന്നമനവും വിദ്യാർത്ഥികളുടെ സുരക്ഷയും പഠന സാഹചര്യങ്ങളും ഉയർന്ന നിലവാരത്തിൽ എത്തിക്കുക എന്നതിന് ഈ ബജറ്റ് മുന്തിയ പരിഗണന നൽകുന്നു. യുവാക്കളുടെയും വിദ്യാർത്ഥികളുടെയും കായിക ആരോഗ്യം സംരക്ഷിക്കുന്നതിന് സ്പോർട്ട്സ് മേഖലയിൽ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്നുണ്ട്. മുൻവർഷങ്ങളിൽ നടപ്പിലാക്കിയതു പോലെ ലഹരിക്കെതിരെയുള്ള പദ്ധതികളും, തൊഴിൽ അന്വേഷകർക്ക് ഏറെ ഗുണം ചെയ്ത വിജ്ഞാനകേരളം പദ്ധതിയും ഈ വാർഷിക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലെ സാമ്പത്തികവും സാമൂഹികവുമായി പിന്നിൽ നിൽക്കുന്നവരിലേക്ക് വികസനത്തിന്റെ ഗുണങ്ങൾ എത്തിക്കുകയും അവരെ പടിപടിയായി സ്വയം പര്യാപ്തതയിലേക്കും സാമൂഹിക ഉന്നതിയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നു. അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തനങ്ങളും നവീന ആശയങ്ങളും സംയോജിപ്പിച്ച് കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതിന് ഈ ബജറ്റ് ഊന്നൽ നൽകുന്നു.

പുതിയ ഭരണ സമിതിയിലെ ജനപ്രതിനിധികളുടെ കർമ്മോത്സുകതയും, ജീവനക്കാരുടെ ചിട്ടയായ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനും അതുവഴി ജനങ്ങളുടെ ഭാവിയും നാടിന്റെ ഉന്നതിയും ഉറപ്പുവരുത്തുന്നതിനും ഈ ബജറ്റിലൂടെ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

പി. പ്രശാന്തൻ
പ്രസിഡന്റ്, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്